# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **1039** 06.06.2018 -ലെ മറുപടി

## കടലാക്രമണത്തിൽ നിന്ന് സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ ശക്തമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളിൽ കടൽഭിത്തികൾ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;<br>(ബി) കടലാക്രമണം രൂക്ഷമാകുന്ന ജൂൺ-ജൂലൈ മാസങ്ങളിൽ തീരദേശവാസികളുടെ സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ ശക്തമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളിൽ തീരദേശവാസികളുടെ സംരക്ഷണത്തിനായി കടലാക്രമണം ഏറ്റവും രൂക്ഷമായ പ്രദേശങ്ങൾ തിരിച്ചറിഞ്ഞ് പ്രതിരോധത്തിനാവശ്യമായ എസ്റ്റിമേറ്റുകൾ യുദ്ധകാലാടിസ്ഥാനത്തിൽ തയ്യാറാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ശംഖുമുഖം മുതൽ വലിയതുറ വരെ1770 മീറ്റർ നീളത്തിലും, കൈതവിളാകം മുതൽ തയ്ക്കാപ്പള്ളി വരെ 500 മീറ്റർ നീളത്തിലും കടൽഭിത്തി പുനരുദ്ധാരണത്തിനും വലിയതുറ മുതൽ ചെറിയതുറ വരെ 575 മീറ്റർ കടൽഭിത്തി നിർമ്മാണത്തിനും പൂന്തുറ ഭാഗത്ത് എട്ട് പുലിമുട്ടുകളുടെ പുനരുദ്ധാരണത്തിനുമായുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു. കൂടാതെ ചെറിയതുറ മുതൽ തയ്ക്കാപ്പള്ളിവരെ 15 പുലിമുട്ടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ